## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5651 — 03.11.2016 -ന് മറുപടിയ്ക്ക്

## പിന്നോക്ക വികസന കോർപ്പറേഷന്റെ വിവിധപദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എം.എം.മണി. | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| എ) | കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ വിവിധ മതന്യൂനപക്ഷങ്ങൾക്കും, മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കുമായി നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ, പരമാവധി വായ്പത്തുക, പലിശ, തിരിച്ചടവ് കാലാവധി, ജാമ്യവ്യവസ്ഥ എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ; | എ) | കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ വിവിധ മതന്യൂനപക്ഷങ്ങൾക്കും, മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കുമായി നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

~~അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്~~

അനുബന്ധം

U S-5651
3/11/16

# വായ്പാ പദ്ധതികൾ

## മറ്റു പിന്നോക്ക വിഭാഗങ്ങൾക്കായുള്ള (OBC) പദ്ധതികൾ - NBCFDC പദ്ധതികൾ

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. സ്വയം തൊഴിൽ പദ്ധതി | 10 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിനുമുകളിൽ - 8% |
| 2. വനിതകൾക്കായുള്ള പ്രത്യേക സ്വയം തൊഴിൽ വായ്പ (ന്യൂ സ്വർണ്ണിമ) | 1 ലക്ഷം രൂപ | 5% |
| 3. സാക്ഷം (പ്രൊഫഷണൽ വിദ്യാഭ്യാസം നേടിയ വർക്കുള്ള സ്വയം തൊഴിൽ പദ്ധതി | 10 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിനുമുകളിൽ - 8% |
| 4. ശില്പ സമ്പദ (കരകൗശല മേഖലയിൽ പ്രവർത്തിക്കുന്നവർക്ക്) | 10 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിനുമുകളിൽ - 8% |
| 5. കൃഷിസമ്പദ | 50,000 രൂപ | 4 % |
| 6. വിദ്യാഭ്യാസ വായ്പാ പദ്ധതി | കേരളത്തിൽ പഠിക്കുന്നതിന് 7.5 ലക്ഷം രൂപ (പ്രതി വർഷം 1,50,000 രൂപ)<br>അന്യസംസ്ഥാനങ്ങളിൽ പഠിക്കുന്നതിന് 10 ലക്ഷം രൂപ (പ്രതി വർഷം 2 ലക്ഷം രൂപ)<br>വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതി വർഷം 5 ലക്ഷം രൂപ) | ആൺകുട്ടികൾക്ക് - 4%<br>പെൺകുട്ടികൾക്ക് - 3.5% |
| 7. ലഘുവായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ) | CDS-കൾക്ക് പരമാവധി 1 കോടി രൂപ<br>NGO-യ്ക്ക് പരിധി ഇല്ല. | NGO/CDS-4%, SHGക്ക്-5% |
| 8. മഹിളാ സമൃദ്ധി യോജന (വനിതകൾക്കുള്ള ലഘു വായ്പ) | CDS-കൾക്ക് പരമാവധി 1 കോടി രൂപ | CDS-3%, SHGക്ക്-4% |

## മതന്യൂനപക്ഷങ്ങൾക്കുള്ള പദ്ധതികൾ (മുസ്ലീം, ക്രിസ്ത്യൻ, സിക്ക്, പാഴ്സി, ബുദ്ധ, ജൈനമത വിഭാഗങ്ങൾക്ക്) NMDFC പദ്ധതികൾ

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. സ്വയം തൊഴിൽ പദ്ധതി - 1<br>**(ഗ്രാമങ്ങളിൽ 81,000/- രൂപയിലും, നഗരങ്ങളിൽ 1,03,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 15 ലക്ഷം രൂപ | 6% |
| 2. സ്വയം തൊഴിൽ പദ്ധതി - 2<br>**(6 ലക്ഷം രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 20 ലക്ഷം രൂപ | ആൺകുട്ടികൾക്ക് - 8%<br>പെൺകുട്ടികൾക്ക് - 6% |
| 3. ലഘുവായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ) | CDS/NGO-50 ലക്ഷം രൂപ | NGO/CDS-4%, SHG-7% |
| 4. വിദ്യാഭ്യാസ വായ്പാ പദ്ധതി-1<br>**ഗ്രാമങ്ങളിൽ 81,000/- രൂപയിലും, നഗരങ്ങളിൽ 1,03,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്** | കേരളത്തിൽ പഠിക്കുന്നതിന് 7.5 ലക്ഷം രൂപ (പ്രതി വർഷം 1.5 ലക്ഷം രൂപ)<br>അന്യസംസ്ഥാനങ്ങളിൽ പഠിക്കുന്നതിന് 10 ലക്ഷം രൂപ (പ്രതി വർഷം 2 ലക്ഷം രൂപ)<br>വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതി വർഷം 4 ലക്ഷം രൂപ) | 3% |
| 5. വിദ്യാഭ്യാസ വായ്പാ പദ്ധതി-2<br>**(6 ലക്ഷം രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | ഇന്ത്യയിൽ പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതി വർഷം 4 ലക്ഷം രൂപ)<br>വിദേശത്ത് പഠിക്കുന്നതിന് 30 ലക്ഷം രൂപ (പ്രതി വർഷം 6 ലക്ഷം രൂപ) | ആൺകുട്ടികൾക്ക് - 8%<br>പെൺകുട്ടികൾക്ക് - 5% |

## കോർപ്പറേഷൻ നടപ്പിലാക്കുന്ന വായ്പാ പദ്ധതികൾ

| | | |
|---|---|---|
| 1. | സ്വയം തൊഴിൽ വായ്പ | പുതുതായി സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്. |
| 2. | വിദ്യാഭ്യാസ വായ്പ | പ്രൊഫഷണൽ/ ടെക്നിക്കൽ കോഴ്സുകൾക്ക് ഇന്ത്യയിലും വിദേശത്തും പഠിക്കുന്നതിന് |
| 3. | മൈക്രോ ക്രെഡിറ്റ് / മഹിളാസമൃദ്ധിയോജന | കുടുംബശ്രീ സിഡിസുകൾക്കും സന്നദ്ധസംഘടനകൾക്കും കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് സംയുക്ത / വ്യക്തിഗത സംരംഭങ്ങൾ ആരംഭിക്കുന്നതിന്. |
| 4. | വിവാഹ വായ്പ പദ്ധതി | പെൺകുട്ടികളുടെ വിവാഹ ചെലവുകൾ വഹിക്കുന്നതിനുള്ള വായ്പ പദ്ധതി. |
| 5. | വിദേശത്ത് ജോലി ലഭ്യ മാക്കുന്നതിനുള്ള വായ്പ | വിദേശത്ത് ജോലി ലഭിക്കുന്നവർക്ക് യാത്രാ-വിസ ചെലവുകൾ വഹിക്കുന്ന തിനുള്ള വായ്പാ പദ്ധതി. |
| 6. | സുവർണ്ണശ്രീ വായ്പ | ബഹുവിധ ആവശ്യങ്ങൾക്ക് (ഗൃഹപുനരുദ്ധാരണം, കമ്പ്യൂട്ടർ വാങ്ങൽ, കൃഷി ഭൂമി വാങ്ങൽ, ബയോഗ്യാസ് പ്ളാന്റ്, സോളാർ പാനൽ സ്ഥാപിക്കൽ, മാലിന്യ സംസ്കരണ സംവിധാനമുണ്ടാക്കൽ തുടങ്ങിയ ഏത് ആവശ്യ ങ്ങൾക്കും) നൽകുന്ന വായ്പ. |
| 7. | വിദ്യാശ്രീ വായ്പ | പ്രൊഫഷണൽ/ ടെക്നിക്കൽ / വൊക്കേഷണൽ / ഡിപ്ളോമ കോഴ്സു കൾക്ക് പഠിക്കുന്നതിന് നൽകുന്ന വിദ്യാഭ്യാസ വായ്പ. കോഴ്സിന്റെ കാലാ വധി ചുരുങ്ങിയത് ഒരു വർഷമെങ്കിലും ഉണ്ടായിരിക്കണം. |
| 8. | പ്രവർത്തന മൂലധന വായ്പ | കെ.എസ്.ബി.സി.ഡി.സി. യിൽ നിന്നും സ്വയം തൊഴിൽ വായ്പ എടുത്ത് സംരംഭം ആരംഭിച്ചവർക്ക് തിരിച്ചടവ് കാലാവധി കഴിഞ്ഞതിനുശേഷം പ്രസ്തുത സംരംഭത്തിന് പ്രവർത്തന മൂലധന ആവശ്യാർത്ഥം നൽകുന്ന വായ്പ. |
| 9. | ബിസിനസ്സ് ഡവലപ്മെന്റ് വായ്പ | ഒരു സ്വയം തൊഴിൽ സംരംഭം ആരംഭിച്ച് 2 വർഷം കഴിഞ്ഞവർക്ക് നിലവി ലുള്ള സംരംഭം വികസിപ്പിക്കുന്നതിന് നൽകുന്ന വായ്പ. |
| 10. | വ്യക്തിഗത വായ്പ | വ്യക്തിപരമായ ഏതു ആവശ്യങ്ങൾക്കും നൽകുന്ന വായ്പ. |
| 11. | കൺസ്യൂമർ ഡ്യൂറബിൾ | സർക്കാർ / പൊതുമേഖലാ / സ്വകാര്യ മേഖലാ ജീവനക്കാർക്ക് കൺസ്യൂമർ ഡ്യൂറബിൾ (ഫർണിച്ചർ, ഗൃഹോപകരണങ്ങൾ, സ്വർണ്ണാഭരണങ്ങൾ എന്നിവ) വാങ്ങുന്നതിനുള്ള വായ്പ |
| 12. | വാഹന വായ്പ | സർക്കാർ / പൊതുമേഖലാ / സ്വകാര്യ മേഖലാ ജീവനക്കാർക്ക് ടൂവീലർ / ഫോർവീലർ എന്നിവ വാങ്ങുന്നതിനുള്ള വായ്പ |
| 13. | ഗൃഹ പുനരുദ്ധാരണ വായ്പ | സർക്കാർ / പൊതുമേഖലാ / സ്വകാര്യ മേഖലാ ജീവനക്കാർക്ക് ഗൃഹ പുന രുദ്ധാരണത്തിന് നൽകുന്ന വായ്പ. ഗൃഹം അപേക്ഷകന്റേയോ ഭാര്യയുടേയോ / ഭർത്താവിന്റേയോ പേരിലായിരിക്കണം |

**KSBCDC ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന വായ്പാ പദ്ധതികൾ (ഒ.ബി.സി.-മതന്യൂനപക്ഷ വിഭാഗങ്ങൾക്ക്).**

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് | കുടുംബ വാർഷിക വരുമാന പരിധി |
|---|---|---|---|
| 1. പെൺകുട്ടികളുടെ വിവാഹ വായ്പാ പദ്ധതി | 1.5 ലക്ഷം രൂപ | 6% | 1.03 ലക്ഷം രൂപയിൽ താഴെ |
| 2. വിദേശത്ത് ജോലി നേടി പോകുന്നവർക്കുള്ള വായ്പ | 1 ലക്ഷം രൂപ | 8% | 1.03 ലക്ഷം രൂപയിൽ താഴെ |
| 3. സ്വയം തൊഴിൽ വായ്പ | 10 ലക്ഷം രൂപ | 5 ലക്ഷം രൂപവരെ 6% അതിനു മുകളിൽ 8% | 1.03 ലക്ഷം രൂപയിൽ താഴെ |
| 4. സുവർണ്ണ ശ്രീ വായ്പ (ബഹുവിധ ആവശ്യങ്ങൾക്ക്) | 2 ലക്ഷം രൂപ | 9% | 1.03 ലക്ഷം രൂപയിൽ താഴെ |
| 5. പ്രവർത്തന മൂലധന വായ്പ | 2 ലക്ഷം രൂപ | 7% | 1.03 ലക്ഷം രൂപയിൽ താഴെ |
| 6. ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ | 3 ലക്ഷം രൂപ | 9% | 1.03 ലക്ഷം രൂപയിൽ താഴെ |
| 7. വിദ്യാശ്രീ വായ്പ | 2 ലക്ഷം രൂപ | 6% | 1.03 ലക്ഷം രൂപയിൽ താഴെ |
| 8. കൺസ്യൂമർ ഡ്യൂറബിൾ വായ്പ | 2 ലക്ഷം രൂപ | 10% | 6 ലക്ഷം രൂപയിൽ താഴെ |
| 9. വാഹന വായ്പ | 5 ലക്ഷം രൂപ | 10% | 6 ലക്ഷം രൂപയിൽ താഴെ |
| 10. ഗൃഹ പുനരുദ്ധാരണ വായ്പ (സ്വസ്ഥഗൃഹ) | 3 ലക്ഷം രൂപ | 10.5% | 6 ലക്ഷം രൂപയിൽ താഴെ |
| 11 വ്യക്തിഗത വായ്പ | 3 ലക്ഷം രൂപ | 11% | 6 ലക്ഷം രൂപയിൽ താഴെ |

പ്രായ പരിധി

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പ്രായ പരിധി |
|---|---|---|
| 1 | സ്വയം തൊഴിൽ, സുവർണ്ണശ്രീ, പ്രവർത്തന മൂലധനം, ബിസിനസ്സ് ഡെവലപ്മെന്റ്, മൈക്രോ ക്രെഡിറ്റ് വായ്പകൾ | 18-55 |
| 2 | വിവാഹ വായ്പ, വാഹന വായ്പ കൺസ്യൂമർ ഡ്യൂറബിൾ വായ്പ, സ്വസ്ഥഗൃഹ വായ്പ | 18-60 |
| 3 | വിദേശ ജോലി വായ്പ | 18-50 |
| 4 | വിദ്യാഭ്യാസ വായ്പ പദ്ധതി, വിദ്യാശ്രീ | 16-32 |

തിരിച്ചടവ് കാലാവധി ( മാസ തവണകൾ)

| വായ്പ തുക | NBCFDC പദ്ധതികൾ | NMDFC പദ്ധതികൾ | KSBCDC പദ്ധതികൾ |
|---|---|---|---|
| 2 ലക്ഷം രൂപ | 60 | 60 | 60 |
| 2 ലക്ഷത്തിനു മുകളിൽ 5 ലക്ഷം രൂപ വരെ | 72 | 60 | 72 |
| 5 ലക്ഷത്തിനു മുകളിൽ | 84 | 60 | 84 |
| മൈക്രോ ക്രെഡിറ്റ്, മഹിളാ സമൃദ്ധി യോജന | 36 | 36 | ബാധകമല്ല |
| കൃഷി സമ്പദ | 48 | - | - |

## I) വായ്പ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ

1. വില്ലേജ് ഓഫീസിൽ നിന്നും ലഭിക്കുന്ന കുടുംബ വരുമാന സർട്ടിഫിക്കറ്റ്.
2. ജാതി സർട്ടിഫിക്കറ്റ് (സ്കൂൾ സർട്ടിഫിക്കറ്റിന്റെ പകർപ്പ് /വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ്
3. റേഷൻ കാർഡിന്റെ 1,2 പേജുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
4. അപേക്ഷകന്റെ പേരിലുള്ള വീടിന്റെയും സ്ഥലത്തിന്റെയും കരമടച്ച രസീതിന്റെ പകർപ്പ്.
5. ഇലക്ഷൻ തിരിച്ചറിയൽ കാർഡ്/ആധാർ കാർഡ് എന്നിവയുടെ പകർപ്പ്.
6. വയസ്സ് തെളിയിക്കുന്ന രേഖയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പി.
7. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് (ബാധകമെങ്കിൽ)
8. ബാങ്ക് പാസ്ബുക്കിന്റെ അക്കൗണ്ട് നമ്പർ, IFSC കോഡ് എന്നിവ രേഖപ്പെടുത്തിയ പേജിന്റെ പകർപ്പ്.

## II) അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട അധിക രേഖകൾ

| പദ്ധതിയുടെ പേര് | സമർപ്പിക്കേണ്ടുന്ന അധിക രേഖ |
|---|---|
| സ്വയം തൊഴിൽ വായ്പകൾ | 1. 2 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട്.<br>2. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുമുള്ള ലൈസൻസ് / ലൈസൻസിനായി അപേക്ഷ സമർപ്പിച്ചതിന്റെ രേഖ.<br>3. തൊഴിൽ പരിചയം / നൈപുണ്യം ഇവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് (ബാധകമെങ്കിൽ)<br>4. പദ്ധതി തുടങ്ങുന്ന കെട്ടിടത്തിന്റെ ഉടമയുടെ സമ്മതപത്രം / വാടക ച്ചീട്ട്, വാടക കെട്ടിടമല്ലെങ്കിൽ കെട്ടിടയുടമ നൽകുന്ന സമ്മത പത്രം. (ബാധകമെങ്കിൽ)<br>5. പദ്ധതി ആവശ്യാർത്ഥം വാങ്ങുന്ന ഉപകരണങ്ങൾ യന്ത്രസാമഗ്രികൾ എന്നിവയുടെ ക്വട്ടേഷൻ / ഇൻവോയ്സ്<br>6. പദ്ധതിയുടെ ഭാഗമായി കെട്ടിടം / ഷെഡ് നിർമ്മിക്കുന്നുണ്ടെങ്കിൽ അംഗീകൃത എൻജിനിയർ സാക്ഷിപ്പെടുത്തിയ എസ്റ്റിമേറ്റ്. |
| വിവാഹ വായ്പ | 1. വിവാഹിതയാകുന്ന പെൺകുട്ടിയുടെ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ്..<br>2. വിവാഹ ക്ഷണക്കത്ത്<br>3. വിവാഹം നിശ്ചയിച്ചത് സംബന്ധിച്ച് ബന്ധപ്പെട്ട വാർഡ് |

| | |
|---|---|
| | മെമ്പർ/കൗൺസിലർ നൽകിയ സർട്ടിഫിക്കറ്റ് |
| വിദേശ വായ്പ | 1. പാസ്പോർട്ടിന്റെയും വിസയുടെയും പകർപ്പ്.<br>2. കരാറിൽ ഒപ്പുവയ്ക്കുന്ന co-borrower -ന്റെ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്. |
| വിദ്യാഭ്യാസ വായ്പകൾ | 1. മെരിറ്റിൽ അഡ്മിഷൻ നേടിയത് സംബന്ധിച്ച രേഖ.<br>2. കോളേജ് അധികാരിയിൽ നിന്നും പഠനചെലവ് സംബന്ധിച്ച രേഖ.<br>3. അപേക്ഷകന്റെ വയസ്സ് തെളിയിക്കുന്ന രേഖ. |
| വിദേശ വിദ്യാഭ്യാസ വായ്പ | 1. മെരിറ്റിൽ അഡ്മിഷൻ നേടിയത് സംബന്ധിച്ച രേഖ.<br>2. കോളേജ് അധികാരിയിൽ നിന്നും പഠനചെലവ് സംബന്ധിച്ച രേഖ.<br>3. പാസ്പോർട്ടിന്റെ പകർപ്പ്<br>4. സ്റ്റുഡന്റ് വിസയുടെ പകർപ്പ് (വിസ ഇംഗ്ലീഷ് ഭാഷയിലല്ലെങ്കിൽ ബന്ധപ്പെട്ട ഭാഷാവിദഗ്ദ്ധൻ തർജ്ജുമ ചെയ്തതിന്റെ പകർപ്പ്)<br>5. Association of Indian Universities, New Delhi-യിൽ നിന്നുള്ള equivalency certificate /*ബന്ധപ്പെട്ട അപ്പക്സ് കൗൺസിലുകളിൽ നിന്നും കോഴ്സിന് ഇന്ത്യയിൽ അംഗീകാരം നൽകിയത് സംബന്ധിച്ച* രേഖ. |
| വാഹന വായ്പ | 1. ഡ്രൈവിംഗ് ലൈസൻസിന്റെ പകർപ്പ്.<br>2. വാഹനം വാങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ്. |
| കൺസ്യൂമർ ഡ്യൂറബിൾ വായ്പ | ഡീലറിൽ നിന്നും ക്വട്ടേഷൻ / ഇൻവോയ്സ് |
| ബിസിനസ്സ് ഡെവലപ്പ്മെന്റ് വായ്പ | 1. സ്ഥാപനം നടത്തുന്നത് സംബന്ധിച്ച ലൈസൻസ്.<br>2. വാടകച്ചീട്ട് (ബാധകമെങ്കിൽ). |
| സ്വന്ത ഗൃഹ | 1. കെട്ടിട നികുതി രസീതിന്റെ പകർപ്പ്.<br>2. ലൈസൻസ്ഡ് ആർക്കിടെക്ട് / എഞ്ചീനീയർ / സൂപ്പർവൈസർ തയ്യാറാക്കിയ എസ്റ്റിമേറ്റ്. |

**III)** ജാമ്യ വ്യവസ്ഥ

വായ്പാക്കാരൻ സ്വന്തം ജാമ്യത്തിനു പുറമെ വസ്തു ജാമ്യമോ, ഉദ്യോഗസ്ഥ ജാമ്യമോ നൽകേണ്ടതാണ്.

**a)** വസ്തു ജാമ്യം

**ഹാജരാക്കേണ്ട രേഖകൾ.**

- ജാമ്യം നൽകുന്ന വസ്തുവിന്റെ കരമടച്ച രസീത്.
- വസ്തുവിന്റെ അസ്സൽ പ്രമാണം
- മുന്നാധാരം
- വില്ലേജ് ഓഫീസർ / തഹസീൽദാർ നൽകിയ വസ്തുവിന്റെ മതിപ്പുവില സർട്ടിഫിക്കറ്റ്. (മതിപ്പുവിലയുടെ 80% മാത്രമേ വായ്പ തുകയായി അനുവദിക്കുകയുള്ളൂ).
- വില്ലേജ് ഓഫീസിൽ നിന്നുള്ള ലൊക്കേഷൻ സർട്ടിഫിക്കറ്റ്, കൈവശാവകാശ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സ്കെച്ച്, നോൺ-അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്.
- സബ് രജിസ്ട്രാറിൽ നിന്നുള്ള കുടിക്കിട സർട്ടിഫിക്കറ്റ് (13 വർഷത്തെ)
- മറ്റൊരാളുടെ വസ്തുവാണെങ്കിൽ ഉടമസ്ഥന്റെ സമ്മതപത്രം (നിർദ്ദിഷ്ട മാതൃകയിൽ മുദ്രപത്രത്തിൽ ഹാജരാക്കണം)

**b)** ഉദ്യോഗസ്ഥ ജാമ്യം

**ഹാജരാക്കേണ്ട രേഖകൾ.**

- ജാമ്യക്കാരനായ ഉദ്യോഗസ്ഥൻ കോർപ്പറേഷൻ നിശ്ചയിച്ചിട്ടുള്ള ഫാറത്തിൽ ശമ്പള സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്.
- ജാമ്യക്കാരനായ ഉദ്യോഗസ്ഥന്റെ ഔദ്യോഗിക തിരിച്ചറിയൽ കാർഡ്, ആധാർ കാർഡ് ഉദ്യോഗസ്ഥ ജാമ്യം - പൊതു വ്യവസ്ഥകൾ.
- ജാമ്യക്കാരന് കുറഞ്ഞത് തിരിച്ചടവ് കാലാവധിയേക്കാൾ 1 വർഷം കൂടുതൽ സർവ്വീസ് ബാക്കിയുണ്ടായിരിക്കണം.

- ഒരു സർക്കാർ ഉദ്യോഗസ്ഥന്റെ ജാമ്യത്തിൻ മേൽ അനുവദിക്കുന്ന പരമാവധി വായ്പ തുക 2.5 ലക്ഷം രൂപ
- ഉദ്യോഗസ്ഥ ജാമ്യത്തിൻ മേൽ അനുവദിക്കുന്ന പരമാവധി വായ്പ തുക 5 ലക്ഷം രൂപ
- വായ്പത്തുക കൂടുന്നതനുസരിച്ച് ജാമ്യക്കാരുടെ എണ്ണവും കൂടാവുന്നതാണ്.
- നിലവിൽ ജാമ്യക്കാരനായ ആളുടെ ജാമ്യം വ്യവസ്ഥകൾക്ക് വിധേയമായി സ്വീകരിക്കുന്നതാണ്.

c) <u>മറ്റു ജാമ്യം</u>

- നാഷണൽ സേവിങ്ങ്സ് സർട്ടിഫിക്കറ്റ്, സ്ഥിരനിക്ഷേപം, എൽ.ഐ.സി.പോളിസി എന്നിവയുമായി ബന്ധപ്പെട്ട ജാമ്യ വ്യവസ്ഥകൾക്ക് അതാത് ഓഫീസുകളുമായി ബന്ധപ്പെടേണ്ടതാണ്.

Section officer